"ഭരണഭാഷ-മാതൃഭാഷ"

കേരള പ്രിസൺസ് &
കറക്ഷണൽ സർവ്വീസസ്

ആസ്ഥാന കാര്യാലയം
ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം-12
:0471-2342532
:keralaprisons@gov.in
തീയതി : 10-05-2020

## സർക്കുലർ നം 40

ലോകം മുഴുവനും ഭീഷണി ഉയർത്തിയിട്ടുള്ള പകർച്ചവ്യാധി ജയിലുകളിലും കാണപ്പെടുന്ന സാഹചര്യം ഇന്ത്യയിലെ ചില സംസ്ഥാനങ്ങളിൽ ഉണ്ടായിട്ടുണ്ട്. എന്നാൽ കേരളത്തിലെ സ്ഥിതി വ്യത്യസ്തമാണ്. ജയിലുകളിലെ ജോലിയുടെ പ്രത്യേകതയും അന്തേവാസികളെ നിരന്തരം പ്രവേശിപ്പിക്കേണ്ടി വരുന്നതു മൂലമുള്ള വെല്ലു വിളിയും ജയിലിലെ ദൈനംദിന പ്രവർത്തന രീതികളും സംബന്ധിച്ച് അറിവുള്ള ജയിൽ മെഡിക്കൽ ഓഫീസർമാർക്കും പാരാ മെഡിക്കൽ സ്റ്റാഫിനും ഇക്കാര്യത്തിൽ പോരായ്മകൾ ചൂണ്ടിക്കാണിക്കാൻ സാധിക്കുമെന്നതിനാൽ കോവിഡ് 19 വ്യാപനത്തിൻറെ പ്രത്യേക സാഹചര്യത്തിൽ കേരളത്തിലെ ജയിലുകളിലെ ആരോഗ്യ സംരക്ഷണവും രോഗ പ്രതിരോധ പ്രവർത്തനങ്ങളും മുൻനിർത്തി ജയിലുകളിലെ മെഡിക്കൽ ഓഫീസർമാരുടേയും പാരാ മെഡിക്കൽ സ്റ്റാഫിൻറേയും അധിക ചുമതലകൾ വ്യക്തമാക്കി കൊണ്ട് താഴെ വിശദമാക്കുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. ജില്ലയിലെ മറ്റ് ജയിൽ സ്ഥാപനങ്ങൾ സന്ദർശിച്ച് പ്രതിരോധ മാർഗ്ഗങ്ങൾ വിശകലനം ചെയ്യുകയും നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുക
2. ഡ്യൂട്ടി, പ്രവർത്തന രീതി, അഡ്മിഷൻ, നിരീക്ഷണം എന്നിവ സംബന്ധിച്ച് ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ചൂണ്ടിക്കാണിക്കുക
3. മാസ്ക്, ഗ്ലൗസ് , സാനിറ്റൈസർ, അണുവിമുക്ത പ്രവർത്തനം, സാമൂഹിക അകലം ഇവ സംബന്ധിച്ചുള്ള നിരീക്ഷണങ്ങൾ
4. രോഗലക്ഷണമോ മറ്റേതെങ്കിലും ശാരീരിക ബുദ്ധിമുട്ടോ ഉള്ള അന്തേവാസികളോട് സ്വീകരിക്കേണ്ട സമീപനം സംബന്ധിച്ച് ജീവനക്കാർക്കുള്ള നിർദ്ദേശം
5. ജോലി സമയത്തും വീട്ടിലും യാത്രയിലും ജീവനക്കാർ സ്വീകരിക്കേണ്ട മുൻകരുതൽ സംബന്ധിച്ച നിർദ്ദേശങ്ങൾ
6. സൂപ്രണ്ടിനും ജീവനക്കാർക്കും ഏതെങ്കിലും അത്യാവശ്യഘട്ടത്തിൽ ഉപദേശ നിർദ്ദേശങ്ങൾക്കായി വീഡിയോ കോൾ വഴിയോ അല്ലാതെയോ ബന്ധപ്പെടാനുള്ള സൗകര്യം .

ഇവ താഴെ ചുമതലപ്പെടുത്തിയ ക്രമത്തിൽ അടിയന്തിരമായി നടപ്പിലാക്കേണ്ടതാണ്

1. മെഡിക്കൽ ഓഫീസർ,
ചീമേനി തുറന്ന ജയിൽ - സ്പെഷ്യൽ സബ് ജയിൽ, കാസർഗോഡ്
ജില്ലാ ജയിൽ, ഹോസ്ദുർഗ്ഗ്

2. a. മെഡിക്കൽ ഓഫീസർ 1
കണ്ണൂർ സെൻട്രൽ ജയിൽ - സ്പെഷ്യൽ സബ് ജയിൽ, തലശ്ശേരി
സ്പെഷ്യൽ സബ് ജയിൽ, കണ്ണൂർ
സബ് ജയിൽ, കണ്ണൂർ

b. മെഡിക്കൽ ഓഫീസർ 2

കണ്ണൂർ സെൻട്രൽ ജയിൽ - ജില്ലാ ജയിൽ കണ്ണൂർ,
വനിതാ ജയിൽ കണ്ണൂർ

3. മെഡിക്കൽ ഓഫീസർ

വിയ്യൂർ സെൻട്രൽ ജയിൽ - ജില്ലാ ജയിൽ വിയ്യൂർ
സബ് ജയിൽ വിയ്യൂർ
വനിതാ ജയിൽ വിയ്യൂർ
അതീവ സുരക്ഷാ ജയിൽ വിയ്യൂർ
സ്പെഷ്യൽ സബ് ജയിൽ ഇരിങ്ങാലക്കുട
സബ് ജയിൽ ചാവക്കാട്

4. മെഡിക്കൽ ഓഫീസർ

ജില്ലാ ജയിൽ കോഴിക്കോട് - സബ് ജയിൽ വടകര
സബ് ജയിൽ കൊയിലാണ്ടി
സ്പെഷ്യൽ സബ് ജയിൽ കോഴിക്കോട്

5. മെഡിക്കൽ ഓഫീസർ

ജില്ലാ ജയിൽ എറണാകുളം - സ്പെഷ്യൽ സബ് ജയിൽ മൂവാറ്റുപുഴ
സബ് ജയിൽ എറണാകുളം
ബോർസ്റ്റൽ സ്കൂൾ എറണാകുളം
സബ് ജയിൽ മട്ടാഞ്ചേരി
സബ് ജയിൽ ആലുവ

6. a. മെഡിക്കൽ ഓഫീസർ 1

സെൻട്രൽ ജയിൽ തിരുവനന്തപുരം- വനിതാ തുറന്ന ജയിൽ, തിരുവനന്തപുരം
വനിതാ ജയിൽ, തിരുവനന്തപുരം
ജില്ലാ ജയിൽ തിരുവനന്തപുരം

b.മെഡിക്കൽ ഓഫീസർ 2

സെൻട്രൽ ജയിൽ തിരുവനന്തപുരം- സ്പെഷ്യൽ സബ് ജയിൽ തിരുവനന്തപുരം
സബ് ജയിൽ, ആറ്റിങ്ങൽ

7. മെഡിക്കൽ ഓഫീസർ

തുറന്ന ജയിൽ, നെട്ടുകാൽത്തേരി - സ്പെഷ്യൽ സബ് ജയിൽ നെയ്യാറ്റിൻകര

നിർദ്ദേശ പ്രകാരം സ്വീകരിച്ച നടപടികൾ റിപ്പോർട്ട് ചെയ്യേണ്ടതും നിയന്ത്രണാധികാരികളായ സൂപ്രണ്ടുമാർ സന്ദർശനത്തിനാവശ്യമായ സൗകര്യങ്ങൾ ചെയ്തു കൊടുക്കേണ്ടതുമാണ്. മെഡിക്കൽ ഓഫീസർക്കൊപ്പം പാരാ മെഡിക്കൽ സ്റ്റാഫംഗങ്ങളും സന്ദർശനത്തിൽ പങ്കെടുക്കേണ്ടതാണ്.

പരോൾ കാലാവധിയ്ക്ക് ശേഷവും ജാമ്യ കാലാവധി കഴിഞ്ഞും തടവുകാരെ തിരികെ പ്രവേശിപ്പിക്കേണ്ടി വരുമ്പോൾ പാലിക്കേണ്ട ക്വാറൻറൈൻ പ്രോട്ടോക്കോൾ അനുസരിച്ച് നിലവിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ജയിലുകളുടെ കാര്യത്തിൽ അധികമായി സ്വീകരിക്കാവുന്ന കാര്യങ്ങൾ ഇതിനോടനുബന്ധിച്ച് മേഖലാ ഡി.ഐ.ജി മാരുമായി ആശയ വിനിമയം നടത്തിയ ശേഷം റിപ്പോർട്ടിൽ ഉൾപ്പെടുത്തി സമർപ്പിക്കേണ്ടതാണ്.

കൊല്ലം, ആലപ്പുഴ, കോട്ടയം, ഇടുക്കി, പാലക്കാട്, മലപ്പുറം, വയനാട് എന്നീ ജില്ലകളിലെ ജില്ലാ ജയിൽ സൂപ്രണ്ടുമാർ അതാത് ജില്ലാ മെഡിക്കൽ ഓഫീസർമാരുമായി ബന്ധപ്പെട്ട് മേൽപ്പറഞ്ഞ വിധമുള്ള പരിശോധനയ്ക്കായി ആരോഗ്യ വകുപ്പിൽ നിന്നുള്ള മെഡിക്കൽ സംഘത്തിൻറെ സന്ദർശനം ഉറപ്പാക്കി അതിന്മേലുള്ള റിപ്പോർട്ട് ശേഖരിച്ച് സമർപ്പിക്കേണ്ടതാണ്. ഇക്കാര്യത്തിൽ അതാത് മേഖല ഡി.ഐ.ജി മാർ ആവശ്യമായ സഹായ സഹകരണം നൽകേണ്ടതാണ്. ജയിൽ വകുപ്പിൻറെയോ ആരോഗ്യ വകുപ്പിൻറെയോ മെഡിക്കൽ ഓഫീസർമാർക്കും സംഘാംഗങ്ങൾക്കും സന്ദർശനത്തിനുള്ള സൗകര്യങ്ങൾ

അതാത് ജയിൽ സൂപ്രണ്ടുമാർ ക്രമീകരിച്ച് നൽകേണ്ടതാണ്

ഋഷി രാജ് സിംഗ് IPS
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ്

സ്വീകർത്താവ്: ഡി.ഐ.ജി ഓഫ് പ്രിസൺസ്ആൻ്റ് കറക്ഷണൽ സർവ്വീസ്സ്
ദക്ഷിണ മേഖല/ മദ്ധ്യ മേഖല/ ഉത്തര മേഖല
എല്ലാ ജയിൽ സ്ഥാപന മേധാവികൾക്കും
എല്ലാ ജയിൽ മെഡിക്കൽ ഓഫീസർമാർക്കും ( ബന്ധപ്പെട്ട സൂപ്രണ്ട് മുഖാന്തിരം)

DIG(HQ)-5974/2020/PrHQ

050465